# 6. ഉപസംഹാരം

**6.0.** ആഗോളവൽക്കരണത്തിന്റെയും ആധുനികീകരണത്തിന്റെയും പശ്ചാത്ത ലത്തിൽ ആലപ്പാട്ടരയരിൽ രൂപപ്പെടുന്ന സ്വത്വവും സമകാലജീവിതവും എപ്രകാരമുള്ളതാണ് എന്ന അന്വേഷണമായിരുന്നു മുഖ്യ പഠനലക്ഷ്യം. കൂട്ടായ്മയുടെ ചരിത്രപരവും സാംസ്കാരികവും സാഹിതീയവുമായ പ്രകടനങ്ങളുടെ (historical, cultural and literary performances) വിശകലനത്തിലൂടെ എത്തിച്ചേർന്ന നിഗമനങ്ങളാണ് ഇവിടെ ക്രോഡീകരിക്കുന്നത്.

**6.1.** ഒരു കൂട്ടായ്മയിലെ ജീവിതശൈലിയുടെ സമഗ്രതയാണ് സംസ്കാരം. കൂട്ടായ്മയ്ക്കുള്ളിലെ അകം/പുറം സംഘർഷങ്ങൾ ഈ സമഗ്രബോധത്തെ സ്വാധീനി ക്കുന്നുണ്ട്. അതിനാൽ ഒരു കൂട്ടായ്മയിൽ പലതരം സ്വത്വം നിർമ്മിക്കപ്പെടുന്നു. എന്നിരുന്നാലും അതിനുള്ളിൽ നിലനിൽക്കുന്ന വിശ്വാസങ്ങൾ, വിലക്കുകൾ, ആചാരാനുഷ്ഠാനങ്ങൾ, തൊഴിൽബന്ധങ്ങൾ തുടങ്ങിയ പല ഘടകങ്ങളും മറ്റുള്ളവരിൽനിന്ന് അവരെ വേറിട്ടുനിർത്തുകയും ഏകീകൃതമായ സ്വത്വബോധത്തിലേക്ക് നയിക്കുകയും ചെയ്യുന്നുണ്ട്.

**6.2.** ആലപ്പാട്ടരയരുടെ ജീവിതവും സംസ്കാരവും അതിന്റെ സമഗ്രതയിൽ നോക്കി ക്കാണാനാണ് ഈ പഠനം ശ്രമിക്കുന്നത്. എങ്കിലും ഇത് സ്വയം പൂർണ്ണമാണെന്ന് അവ കാശപ്പെടുന്നില്ല. തൊഴിലിടങ്ങളിലെ ഉൽപ്പാദന – വിനിമയ ബന്ധങ്ങൾ, കൂട്ടായ്മയുടെ സാഹിത്യ- കലാപ്രവർത്തനങ്ങൾ, ക്ഷേത്രോത്സവങ്ങൾ, തുടങ്ങിയ പല ഘടകങ്ങളും തുടർപഠനത്തിനുള്ള ഇടങ്ങളാണ്. ആലപ്പാട്ടരയരുടെ കുടിയേറ്റത്തെക്കുറിച്ചുള്ള കഥകൾ മുതൽ സമകാലികാവസ്ഥവരെ ഇതിൽ ചർച്ച ചെയ്തു. ഇതിലേക്കുള്ള സുഗമമായ

പ്രവേശകം എന്ന നിലയ്ക്കാണ് പഠനമേഖലയായ ആലപ്പാടിനെ അടയാളപ്പെടുത്തിയത്. ഈ സാംസ്കാരിക മേഖലയെ മുൻനിർത്തി കൂട്ടായ്മയെ അടുത്തറിയാനുള്ള ശ്രമത്തിൽ അരയസമുദായത്തിന്റെ ലഭ്യമായ ചരിത്രവും പഠനവിധേയമാക്കിയിട്ടുണ്ട്. സാമ്പ്രദായിക ചരിത്രത്തിൽ ഏറെയൊന്നും പരിഗണിക്കപ്പെട്ടിട്ടില്ലാത്തതിനാലാണ് ഈ സമുദായത്തിന്റെ ചരിത്രവും നവോത്ഥാനപ്രവർത്തനങ്ങളും പഠനത്തിൽ ഉൾപ്പെടുത്തിയത്. തുടർന്ന് ആവേദകമൊഴികൾ ചർച്ചയ്ക്ക് വിധേയമാക്കി. സ്വത്വനിർണ്ണയനത്തിലെ ഏകപക്ഷീയത ഒഴിവാക്കാനായി മൂന്നുതരത്തിലാണ് വാമൊഴിപാഠങ്ങൾ പഠനത്തിൽ സ്വീകരിച്ചത്. അതായത് ആലപ്പാട്ടരയർ, സമീപദേശവാസികളായ അരയർ, മറ്റ് സമുദായക്കാർ എന്നിങ്ങനെ വ്യത്യസ്ത കാഴ്ചസ്ഥാനങ്ങളിലൂടെയാണ് അരയജീവിതത്തെ അടയാളപ്പെടുത്തിയത്. അസംസ്കൃതമായ വാമൊഴിപാഠങ്ങളെ സംസ്കരിച്ച് സാമാന്യവൽക്കരണത്തിലൂടെ ആശയങ്ങളായി അവതരിപ്പിക്കുകയും വിശകലനവിധേയമാക്കുകയും ചെയ്തതു. ഈ ആശയങ്ങളുടെ ആധികാരികതയും വിശ്വസനീയതയും ഉറപ്പാക്കാൻ വാമൊഴിപാഠങ്ങളെ അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചു. ഇത്തരത്തിലൊരു രീതിശാസ്ത്രപരമായ സമീപനമാണ് പ്രബന്ധത്തിൽ അനുവർത്തിച്ചത്.

**6.3.** അഞ്ചധ്യായങ്ങളായാണ് ഈ പഠനം. ആലപ്പാടെന്ന സാംസ്കാരിക ഭൂമികയിലേയ്ക്കുള്ള പ്രവേശകമായാണ് ആദ്യ അധ്യായത്തെ കാണുന്നത്. ആലപ്പാടെന്ന ഇടം രൂപം കൊള്ളുന്നത് അവിടെ അധിവസിക്കുന്ന ജനങ്ങളുടെ പ്രവർത്തനങ്ങളിലൂടെയാണ്. അത് അവരുടെ ജീവിതശൈലിയുമായി, സംസ്കാരവുമായി ചേർന്നു നിൽക്കുന്നതാണ്. അതോടൊപ്പം കാലാകാലങ്ങളിലുണ്ടാകുന്ന ഭരണപരമായ മാറ്റങ്ങളും അതിനെ സ്വാധീനിക്കുന്നുണ്ട്. ഇവയെ പരിഗണിച്ചുകൊണ്ട് വാമൊഴിയിലൂടെയും വരമൊഴിയിലൂടെയും തെളിയുന്ന ആലപ്പാടിനെയാണ് അവതരിപ്പിച്ചത്. പ്രദേശത്തിന്റെ സമകാലികാവസ്ഥ, പൂർവ്വചരിത്രം, ജനങ്ങൾ, തൊഴിലിടങ്ങൾ, സ്ഥാപനങ്ങൾ, പാരിസ്ഥിതികപ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങൾ ഇവിടെ ചർച്ചചെയ്തു. ഇതിലൂടെ ചരിത്രപരവും സമകാലികവുമായ തലങ്ങളിൽ ഈ സാംസ്കാരിക മേഖലയെ അടയാളപ്പെടുത്താനായി. കായംകുളം തുറമുഖം നിമിത്തം ക്രിസ്തുവർഷം ഒന്നാം

നൂറ്റാണ്ടിൽതന്നെ ചരിത്രത്തിലിടം നേടിയ ഈ പ്രദേശം പിന്നീട് ആലപ്പാടൻ കയർ, കരിമണൽ എന്നിവയുടെ പേരിൽ പ്രസിദ്ധമായി. മാതാഅമൃതാനന്ദമയി മഠത്തിന്റെ ആസ്ഥാനം, സുനാമിദുരന്തമുണ്ടായ സ്ഥലം എന്നീ നിലയിലും ഈ പ്രദേശം പൊതുശ്രദ്ധയിൽ നിൽക്കുന്നു. കായലിനും കടലിനും ഇടയിൽ അനുക്രമം ചുരുങ്ങിക്കൊണ്ടിരിക്കുന്ന പല പാരിസ്ഥിതികപ്രശ്നങ്ങളും നേരിടുന്ന ഈ സാംസ്കാരികമേഖല ആവേദകരിൽ സ്ഥലനാശത്തിന്റെ ആശങ്കകളാണ് അവശേഷിപ്പിക്കുന്നത്.

രണ്ടും മൂന്നും അധ്യായങ്ങൾ വരമൊഴിവ്യവഹാരങ്ങളെ കൂടുതലായി പിൻപറ്റുന്നവയാണ്. ഇതിൽ രണ്ടാമധ്യായം ചരിത്രകൃതികളിലെ അരയചിത്രണങ്ങളുടെ ക്രോഡീകരണമാണ്. സൈന്ധവരായ മീനവർ, പരതവർ എന്നിവരുടെ പിൻഗാമികളാണ് അരയർ എന്ന വിശ്വാസത്തിൽ തുടങ്ങി കേരളബ്രാഹ്മണർ മുക്കുവരിൽനിന്ന് സൃഷ്ടിക്കപ്പെട്ടവരാണെന്ന മിത്തുവരെ ഇതിൽ ചർച്ചചെയ്തു. സംഘകാലകൃതികളിലെ അരയപരാമർശങ്ങൾ, തീരവാസികളെയും മത്സ്യബന്ധകരെയും കുറിച്ചുള്ള വിദേശസഞ്ചാരികളുടെ നിരീക്ഷണങ്ങൾ തുടങ്ങിയവ ഇവിടെ വിശകലന വിധേയമാക്കി. മുക്കുവൻ, വാലൻ, നുളയൻ എന്നിങ്ങനെ വിളിക്കപ്പെടുന്ന മറ്റു ധീവരവിഭാഗങ്ങളെ ഒഴിവാക്കി നിർത്തി അരയനെ മാത്രമായി ചരിത്രത്തിൽ നിന്ന് കണ്ടെടുക്കുക പ്രയാസമാണ്. കാരണം ചില ചരിത്രപഠനങ്ങൾ അരയവിഭാഗങ്ങൾക്കിടയിലുള്ള വ്യത്യാസങ്ങളെ സൂക്ഷ്മമായി പിന്തുടരാൻ ശ്രമിക്കുമ്പോൾ മറ്റു ചില പഠനങ്ങൾ സാമാന്യചരിത്രബോധമാണ് മുന്നോട്ടുവയ്ക്കുന്നത്.

മൂന്നാമധ്യായത്തിൽ അരയവിഭാഗങ്ങൾക്കിടയിലുണ്ടായ സമുദായ പരിഷ്കരണ ശ്രമങ്ങളാണ് വിശകലനം ചെയ്തത്. ജീവിതചര്യയിൽ നിസ്സഹകരണം പുലർത്തിയിരുന്ന അവാന്തര വിഭാഗങ്ങളെ സഹവർത്തിത്വത്തിന്റെയും പുരോഗതിയുടെയും പാതയിലേക്ക് നയിക്കുന്നതിനും അരയൻ എന്ന പൊതുബോധത്തിൽ സംഘടിപ്പിക്കുന്നതിനും നവോത്ഥാനശ്രമങ്ങൾ പ്രയോജനപ്പെട്ടു. ഡോ.വി.വി. വേലുക്കുട്ടി അരയൻ എന്ന നവോത്ഥാന നായകന്റെ പ്രവർത്തന മേഖലകളെ വിശദമാക്കാനുള്ള ശ്രമവും ഈ പഠനത്തിന്റെ ഭാഗമാണ്. സമുദായ പരിഷ്കർത്താവ്, ദേശീയ

സമരനേതാവ്, തൊഴിലാളിവർഗ്ഗ സംഘാടകൻ, സാഹിത്യകാരൻ എന്നിങ്ങനെ വിവിധ തലങ്ങളിൽ സജീവസാന്നിദ്ധ്യമായിരുന്ന ഡോ. അരയന്റെ സാംസ്കാരിക പരിശ്രമ ങ്ങൾ കൂടുതൽ പഠനസാധ്യതയുള്ളവയാണ്.

പൊതുസമൂഹത്തിന് അരയരെക്കുറിച്ചുള്ള കാഴ്ചപ്പാട് പകർന്നു നൽകിയത് തകഴിയുടെ *ചെമ്മീൻ* എന്ന നോവലും അതിനെ ഉപജീവിച്ചുണ്ടായ സിനിമയും ആയി രുന്നു. ഈ സാഹിത്യ - കലാരൂപങ്ങൾ സൃഷ്ടിച്ചെടുത്ത അരയസമൂഹത്തെക്കുറി ച്ചുള്ള പൊതുബോധം യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ലെന്ന് വാമൊഴി പാഠ ങ്ങൾ തെളിയിക്കുന്നു. നാലും അഞ്ചും അധ്യായങ്ങൾ ആവേദകമൊഴികളെ വിശക ലനം ചെയ്യുന്നവയാണ്. പ്രാദേശിക കൂട്ടായ്മയ്ക്കുള്ളിൽ നിലനിൽക്കുന്ന ഐതിഹ്യം, സമൂഹഘടന, ഭരണക്രമം, മറ്റു ഭൗതികസാഹചര്യങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ, വിലക്കുകൾ, തൊഴിൽപരമായ പ്രത്യേകതകൾ, കടലറിവുകൾ തുടങ്ങിയവയുടെ പാഠവിശകലനമാണ് നാലാമധ്യായം. ഇതിലൂടെ ആലപ്പാട്ടരയരുടെ ജീവിതത്തെയും സംസ്കാരത്തെയും അടുത്തറിഞ്ഞു. അഞ്ചാമധ്യായത്തിൽ കൂട്ടായ്മയുടെ സമകാലികപ്രശ്നങ്ങളും ഭാഷയും സാഹിത്യവും ചർച്ചാവിഷയമായി. വാമൊഴിപാഠങ്ങളുടെ വിശകലനത്തിലൂടെ ആലപ്പാട്ടരയന്മാരുടെ ജീവിതരീതികൾ മനസ്സിലാക്കുകയും ഒരു പ്രാദേശിക കൂട്ടായ്മ എന്ന തലത്തിൽ നിന്നുകൊണ്ട് അവർ രൂപപ്പെടുത്തുന്ന, അവരിൽ രൂപീകൃതമാകുന്ന, സ്വത്വത്തെ തിരിച്ചറിയുകയും ചെയ്തു.

**6.4.** ഈ പഠനത്തിലൂടെ എത്തിച്ചേരുന്ന പ്രധാന നിഗമനങ്ങൾ ഇവയാണ്.

1. ഒരു സാംസ്കാരികമേഖല സാധ്യമാകുന്നത് അവിടെ ജീവിക്കുന്ന ജനങ്ങളുടെ നിരന്തരമുള്ള രാഷ്ട്രീയ - സാമ്പത്തിക - സാംസ്കാരിക വ്യവഹാരങ്ങളിലൂടെയാണ്. ആലപ്പാടെന്ന സാംസ്കാരികമേഖലയെ രൂപപ്പെടുത്തുന്നതിൽ അവിടത്തെ അരയകൂട്ടായ്മ നിർണ്ണായക പങ്കുവഹിക്കുന്നു.

2. ഒരു നൂറ്റാണ്ടിനു മുൻപ് കായലിനും കടലിനും ഇടയിൽ നാലു കിലോമീറ്ററെങ്കിലും വീതിയുണ്ടായിരുന്ന പ്രദേശമാണ് ആലപ്പാട്. ഇവിടെ

തുടർന്നുപോരുന്ന കരിമണൽ ഖനനവും കടൽക്ഷോഭവും ആലപ്പാടിന്റെ അസ്തിത്വത്തിനുതന്നെ ഭീഷണിയാകുന്നു.

3. വരമൊഴി വ്യവഹാരങ്ങളിലൂടെ ലഭ്യമായത് 'അരയ' രുടെ മാത്രം ചരിത്രമല്ല; അരയവിഭാഗങ്ങളുടെ പൊതുചരിത്രമാണ്.

4. അരയരുടെ ഇടയിലുണ്ടായ സമുദായപരിഷ്കരണശ്രമങ്ങൾ കേരളത്തിലുണ്ടായ നവോത്ഥാന പ്രക്രിയകളുടെ പൊതുപശ്ചാത്തല ത്തിലാണ് വിലയിരുത്തപ്പെടേണ്ടത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ തുടങ്ങിവച്ച കീഴാള നവോത്ഥാന പ്രവർത്തനങ്ങളിൽനിന്നും ഊർജ്ജം ഉൾക്കൊണ്ടാണ് അരയ നവോത്ഥാനവും ആരംഭിച്ചത്.

5. ആലപ്പാട്ടരയരുടെ സ്വത്വത്തെ രൂപപ്പെടുത്തുന്നതിൽ ഏറെ സ്വാധീനം ചെലുത്തിയ ഒരു വ്യക്തിത്വമാണ് ഡോ. വി.വി. വേലുക്കുട്ടി അരയൻ. ബഹുമുഖപ്രതിഭയായ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഗഹനമായ പഠനങ്ങൾക്ക് ഇടം നൽകുന്നുണ്ട്.

6. ഓർമ്മകളിലൂടെ രൂപപ്പെടുന്ന വാമൊഴിപാഠങ്ങൾ ബോധതല അറിവുകളാണ് പങ്കുവയ്ക്കുന്നത്. സ്വത്വത്തെ രൂപപ്പെടുത്തുന്നത് പലപ്പോഴും ബോധപരമായ ഇടപെടലുകളാണ്. അതിനാൽ വാമൊഴിപാഠങ്ങൾ സ്വത്വത്തിന്റെ പ്രകാശനങ്ങളാണ്.

7. തമിഴ്നാട്ടിലെ കാവേരി പൂമ്പട്ടണത്തിൽനിന്നും കുടിയേറി പാർത്തവരാണെന്ന വിശ്വാസം മറ്റ് അരയക്കൂട്ടായ്മകളിൽനിന്ന് വ്യത്യസ്തമായി 'ആലപ്പാട്ടരയർ' എന്ന സ്വത്വത്തിലേയ്ക്ക് അവരെ നയിക്കുന്നുണ്ട്.

8. പരിശംവയ്പ്പ്, ആണ്ടിയാർ പടുക്ക, മാടൻസ്വാമിയ്ക്ക് തെണ്ടുപുഴുങ്ങൽ, കടലേറ്റുകല്യാണം തുടങ്ങിയ ആചാരാനുഷ്ഠാനങ്ങൾ മറ്റു കൂട്ടായ്മകളിൽനിന്ന് ആലപ്പാട്ടരയരെ മാറ്റിനിർത്തുന്നുണ്ട്. അവരുടെ സ്വത്വബോധത്തിന്റെ പ്രകടനങ്ങളായി ഈ ആചാരാനുഷ്ഠാനങ്ങൾ നിലകൊള്ളുന്നു.

9. കൂട്ടായ്മയുടെ കെട്ടുറപ്പിനെ നിയന്ത്രിക്കുന്ന കരയോഗങ്ങൾ, പരമ്പരാഗതമായി പിൻതുടർന്നുവരുന്ന വാമൊഴിക്കരാറുകൾ, വിവാഹം പോലുള്ള ആചാരങ്ങളിൽ നിലനിൽക്കുന്ന സ്വാശ്രയ-ബാങ്കിങ്ങ് സംവിധാനം, കുടുംബവ്യവസ്ഥയിൽ സ്ത്രീയ്ക്കു നൽകിവരുന്ന സ്ഥാനം തുടങ്ങിയ ഘടകങ്ങൾ ഒരു കൂട്ടായ്മ എന്ന നിലയിൽ ആലപ്പാട്ടരയസ്വത്വത്തെ രൂപപ്പെടുത്തുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്നു.

10. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ അടിസ്ഥാന ഭൗതികഘടകങ്ങളിൽ ഉണ്ടായ പരിവർത്തനങ്ങൾ കേരളത്തിൽ ഉണ്ടായ ആധുനികീകരണത്തിന്റെ പൊതുപശ്ചാത്തലത്തിൽ വിലയിരുത്തേണ്ടവ മാത്രമല്ല, മറിച്ച് ആലപ്പാട്ടരയർ അന്യദേശങ്ങളുമായി വ്യാപാരബന്ധം പുലർത്തുകവഴി സംഭവിച്ചവ കൂടിയാണ്.

11. കൂട്ടായ്മയ്ക്കിടയിൽ നിലനിൽക്കുന്ന വിശ്വാസങ്ങളും വിലക്കുകളും ഉടലെടുത്തത് ശുദ്ധിവിചാരം, ഈശ്വരചിന്ത, തൊഴിലിൽ നിലനിൽക്കുന്ന അരക്ഷിതാവസ്ഥ എന്നിവയിലൂടെയാണ്. കൂട്ടായ്മയുടെ കെട്ടുറപ്പിനെ ദൃഢമാക്കുന്ന ഇവ സ്വത്വരൂപീകരണത്തിലെ അനിവാര്യതയാണ്.

12. പാരമ്പര്യതൊഴിലായ മത്സ്യബന്ധനത്തിൽ ഉണ്ടായ പഴമകളും പുതുമകളും കൂട്ടായ്മയുടെ സ്വത്വത്തെ രൂപപ്പെടുത്തുന്നതിലെ നിർണ്ണായക സ്വാധീനമാണ്. ഈ തൊഴിൽമേഖലയിലെ ആധുനികീകരണം അഭ്യസ്തവിദ്യരെ കൂടുതലായി ഈ തൊഴിലിലേയ്ക്ക് ആകർഷിക്കുന്നുണ്ട്.

13. മത്സ്യബന്ധനത്തിൽ സംഭവിച്ച ആധുനികീകരണം പുതുതലമുറയെ 'കടലറിവുകൾ' അനുഭവിച്ചറിയുന്നതിന് അപ്രാപ്തരാക്കുന്നു.

14. സുനാമിദുരന്തം കൂട്ടായ്മയുടെ ജീവിതരീതിയെയും സംസ്കാരത്തെയും ആഴത്തിൽ സ്വാധീനിച്ചു. ഈ സാംസ്കാരികമേഖലയുടെ അസ്തിത്വത്തെക്കുറിച്ചുള്ള സന്ദേഹങ്ങൾ ആലപ്പാട്ടരയരെ ആശങ്കാകുലരാക്കുന്നുണ്ട്. ഈ പ്രദേശമില്ലെങ്കിൽ ഈ കൂട്ടായ്മയില്ല എന്ന തിരിച്ചറിവ് അവരുടെ സമകാലജീവിതത്തിൽ പ്രതിഫലിക്കുകയും സ്വത്വരൂപീകരണത്തിൽ

നിർണ്ണായക ഘടകമായി വർത്തിക്കുകയും ചെയ്യുന്നു.

15. ആലപ്പാട്ടെ അരയക്കൂട്ടായ്മയുടെ സ്വാഭാവിക ഭാഷണരീതിയും വാമൊഴിസാഹിത്യവും അവരുടെ സ്വത്വത്തെ അടയാളപ്പെടുത്തുന്നുണ്ട്. എന്നാൽ ഭാഷണങ്ങളിൽ കാണുന്ന മാനകീകരണത്വര അവരുടെ ഭാഷാസ്വത്വപരിണാമത്തെക്കൂടി സൂചിപ്പിക്കുന്നു.

**6.5.** ആലപ്പാട്ടെ അരയക്കൂട്ടായ്മയിൽ നിന്നും ശേഖരിച്ച വാമൊഴികളുടെ വിശകലനത്തിലൂടെ അവരുടെ ജീവിതവും സംസ്കാര തനിമയും അടയാളപ്പെടുത്താനാണ് ശ്രമിച്ചത്. അതിലൂടെ അവരുടെ സമകാലാവസ്ഥയും സ്വത്വബോധവും സംബന്ധിച്ച അറിവുകളും വെളിവാകുന്നുണ്ട്. ജീവിതവും സംസ്കാരവും ഏകീകൃതസ്വഭാവം പുലർത്താത്തതു പോലെ അവയിൽ നിന്നുരുത്തിരിയുന്ന സ്വത്വബോധവും ഏകീഭാവം നിലനിർത്തുന്നില്ല. ഒരു കൂട്ടായ്മയ്ക്കുള്ളിൽ തന്നെ പലതരം സ്വത്വം രൂപംകൊള്ളുന്നുണ്ട്. ആലപ്പാട്ടരയരെ സംബന്ധിച്ചും ഈ വസ്തുത ശരിയാണെന്ന് പഠനത്തിൽ നിന്ന് വ്യക്തമാണ്. അവരുടെ ജീവിതത്തിലും സംസ്കാരത്തിലും കാലാകാലങ്ങളിലുണ്ടാകുന്ന പരിവർത്തനങ്ങൾക്കനുഗുണമായി സ്വത്വബോധവും പരിണമിക്കുന്നുണ്ടെന്നു കാണാം. വിദ്യാഭ്യാസം, തൊഴിൽ, സാമ്പത്തികം തുടങ്ങിയ ഭൗതികസാഹചര്യങ്ങളുടെ ഏറ്റക്കുറച്ചിലുകൾ പലതരം സ്വത്വങ്ങൾ അവർക്കിടയിൽ രൂപപ്പെടുന്നതിനിടയാക്കിയിട്ടുണ്ട്. ഈ വ്യത്യസ്തതയെ നിലനിർത്തിക്കൊണ്ടു തന്നെ ആലപ്പാട്ടരയർ എന്ന കൂട്ടായ്മയിലൂടെ അവർ ആത്യന്തികമായി നിർമ്മിച്ചെടുക്കാൻ ശ്രമിക്കുന്നത് പ്രൗഢമായ ഒരു പാരമ്പര്യത്തിന്റെ അവകാശികളാണെന്ന ബോധമാണ്. ആധുനികീകരണത്തിന്റെയും ആഗോളീകരണത്തിന്റെയും പശ്ചാത്തലത്തിൽ പാരമ്പര്യത്തനിമകളിൽ നിന്നും ഭൂതകാല അറിവുകളിൽ നിന്നും രൂപപ്പെടുത്തിയെടുക്കുന്ന ഈ സ്വത്വബോധം അവരുടെ അതിജീവനത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും അടയാളപ്പെടുത്തൽ കൂടിയാകുന്നു.